# കേരള സർവകലാശാല

നം. പി.ആർ.096/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.പി.എ കോഴ്സ്

കേരള സർവകലാശാല തിരുവനന്തപുരം ശ്രീ സ്വാതിതിരുനാൾ ഗവ. മ്യൂസിക് കോളേജിൽ നടത്തുന്ന ഒന്നാം വർഷ ബി.പി.എ കോഴ്സിന് ജൂൺ 18 വരെ അപേക്ഷ സ്വീകരിക്കും. നോട്ടിഫിക്കേഷനും മറ്റ് വിശദവിവരങ്ങളും വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എ (2016-18) : തീയതി നീട്ടി.

കേരള സർവകലാശാല കാര്യവട്ടം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ എം.ബി.എ (ഫുൾടൈം), എം.ബി.എ (ടൂറിസം - ഫുൾടൈം), പാളയം ഐ.എം.കെയിൽ എം.ബി.എ (ഈവനിംഗ്), യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റുകളിൽ (യു.ഐ.എം) എം.ബി.എ (ഫുൾടൈം) കോഴ്സുകളുടെ (2016-18) പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാനുള്ള അവസാന തീയതി ജൂലൈ 15 വൈകുന്നേരം അഞ്ച് മണിവരെ നീട്ടി. വിശദവിവരങ്ങൾ വെബ്സൈറ്റിൽ അഡ്മിഷൻ പോർട്ടലിൽ (www.admissions.keralauniversity.ac.in) ലഭിക്കും.

(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)

## ബി.എ പ്രോജക്ട്/വൈവ

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ (ഹിസ്റ്ററി മെയിൻ) പരീക്ഷയുടെ പ്രോജക്ട് ഇവാല്യുവേഷനും വൈവയും ജൂൺ 13-ന് കാട്ടാക്കട ക്രിസ്ത്യൻ കോളേജിലും ജൂൺ 14-ന് പെരിങ്ങമ്മല ഇക്ബാൽ കോളേജിലും, ജൂൺ 16-ന് ആൾ സെയിന്റ്സ് കോളേജിലും രാവിലെ 10 മണി മുതൽ വൈകുന്നേരം നാല് മണിവരെ നടത്തും.

## സ്പെഷ്യൽ ക്ലാസ്

കേരള സർവകലാശാല രണ്ടാം വർഷ എം.എ സോഷ്യോളജി (2014-16) വിദ്യാർത്ഥികൾക്ക് പാളയം വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ ജൂൺ 10 രാവിലെ 10 മണിമുതൽ സ്പെഷ്യൽ ക്ലാസ് ഉണ്ടായിരിക്കും.

## ഉപന്യാസ മത്സരം

ലോക ജനസംഖ്യാ ദിനാചരണത്തോടനുബന്ധിച്ച് കേരള സർവകലാശാല ജനസംഖ്യാശാസ്ത്ര പഠനവകുപ്പിലെ പൂർവ വിദ്യാർത്ഥി സംഘടനയുടെ ആഭിമുഖ്യത്തിൽ ജനസംഖ്യയും പരിസ്ഥിതിയും എന്ന വിഷയത്തിൽ ഒരു ഉപന്യാസ മത്സരം നടത്തുന്നു. കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. താൽപര്യമുള്ളവർ പത്ത് പേജിൽ കവിയാതെ മലയാളത്തിലെഴുതിയ ഉപന്യാസം ജൂൺ 30-നകം വകുപ്പ് മേധാവി, ഡെമോഗ്രഫി പഠനവകുപ്പ്, കേരള സർവകലാശാല, കാര്യവട്ടം 695 581 എന്ന വിലാസത്തിൽ

അയയ്ക്കണം. ഏറ്റവും നല്ല രചനയ്ക്ക് ജൂലൈ 11-ന് നടക്കുന്ന ചടങ്ങിൽ സമ്മാനം വിതരണം ചെയ്യും. ഫോൺ. 0471-2308057.

## ബി.കോം പരീക്ഷാകേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല ജൂൺ 13-ന് തുടങ്ങുന്ന രണ്ടാം വർഷ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് പരീക്ഷയ്ക്ക് ഫാത്തിമ മാതാ നാഷണൽ കോളേജ് പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട റഗുലർ വിദ്യാർത്ഥികൾ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്ത് കരുനാഗപ്പള്ളി ശ്രീ വിദ്യാധിരാജാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലും ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി വിദ്യാർത്ഥികൾ കൊട്ടിയം ഉമയനല്ലൂർ ഡോൺ ബോസ്കോ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി പരീക്ഷയെഴുതണം. കാഞ്ഞിരപ്പള്ളി സെന്റ് ഡൊമനിക്സ് പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ടവർ എം.സി വർഗ്ഗീസ് കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം. മറ്റ് പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

## എം.എ.എസ്.എൽ.പി പരീക്ഷ

കേരള സർവകലാശാല ജൂലൈ ഒന്നിന് തുടങ്ങുന്ന നാലാം സെമസ്റ്റർ എം.എ.എസ്.എൽ.പി പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ 15 (50 രൂപ പിഴയോടെ ജൂൺ 17, 250 രൂപ പിഴയോടെ ജൂൺ 20) വരെ അപേക്ഷിക്കാം.

## ബി.എസ്സി/ബി.സി.എ ഫലം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂലൈയിൽ നടത്തിയ ഒന്നാം വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്, ബി.സി.എ റഗുലർ (ഓൺലൈൻ), സപ്ലിമെന്ററി (പഴയ സ്കീം/പുതിയ സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 20 വരെ അപേക്ഷിക്കാം.

## പ്രിൻസിപ്പൽമാരുടെ യോഗം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എൻജിനീയറിംഗ് കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ യോഗം ജൂൺ ഒമ്പത് രാവിലെ 11 മണിക്ക് സെനറ്റ് ഹൗസ് കാമ്പസിലെ സെനറ്റ് ചേംബറിൽ നടത്തും. എല്ലാ പ്രിൻസിപ്പൽമാരും നിർബന്ധമായും യോഗത്തിൽ പങ്കെടുക്കണം.

**സർവകലാശാല മന്ദിരം,**

തിരുവനന്തപുരം.

07.06.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**